# പതിമൂന്നാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 664 — 10-03-2015-ൽ മറുപടിക്ക്

## കുറ്റ്യാടി നാളികേര പാർക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ.കെ.ലതിക | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) കെ.എസ്.ഐ.ഡി.സി.യുടെ ആഭിമുഖ്യത്തിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന കുറ്റ്യാടി നാളികേര പാർക്കിന്റെ നാളിതു വരെയുള്ള പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ; | (എ) കോഴിക്കോട് ജില്ലയിൽ വടകര താലൂക്കിൽ വേളം വില്ലേജിൽ നാളികേര പാർക്ക് സ്ഥാപിക്കുന്നതിനു വേണ്ടി കെ,എസ്.ഐ.ഡി.സി 115 ഏക്കർ സ്ഥലം 15 കോടി രൂപ മുടക്കി ഏറ്റെടുത്തിട്ടുണ്ട്. ഏറ്റെടുത്ത ഭൂമിയുടെ പോക്കുവരവു നടപടികൾ പൂർത്തിയായി വരുന്നു. പദ്ധതിയുടെ DPR കെ,എസ്.ഐ.ഡി.സി M/s. Mahindra Consultancy Engineers മുഖേന തയ്യാറാക്കിയിട്ടുണ്ട്.<br><br>കെ,എസ്.ഐ.ഡി.സി നാളികേര പാർക്കിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനു വേണ്ടി ആർക്കിടെക്ടിനെ നിയമിക്കുകയും എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. കെ.എസ്.ഇ.ബി യും ആയി ചേർന്ന് പാർക്കിലേക്ക് ഒരു ഡെഡിക്കേറ്റഡ് 11 കെ.വി ഫീഡർ വലിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നാളികേര പാർക്കിന്റെ ഭാവി |

| | | | |
|---|---|---|---|
| | | | വികസനത്തിനായി 8 ഏക്കറോളം ഭൂമി കൂടി ഏറ്റെടുക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. മാത്രമല്ല നാളികേര പാർക്കിലേക്കുള്ള 7 കി.മി റോഡ് വീതി കൂട്ടുന്നതിനു വേണ്ടിയും നടപടിയെടുത്തിട്ടുണ്ട്. |
| **(ബി)** | നിർദ്ദിഷ്ട പാർക്കിൽ എന്തെല്ലാം പദ്ധതികളാണ് കെ.എസ്.ഐ.ഡി.സി. നടപ്പാക്കുക എന്ന് വ്യക്തമാക്കുമോ ? | **(ബി)** | നാളികേര അധിഷ്ഠിത വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിന് സൗകര്യം ഒരുക്കുക എന്ന ലക്ഷ്യത്തോടെയാണ് കെ,എസ്.ഐ.ഡി.സി നാളികേര പാർക്ക് സ്ഥാപിച്ചത്. ഇതിലേക്കായി വ്യവസായ പാർക്കിനു ആവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും കെ,എസ്.ഐ.ഡി.സി ലഭ്യമാക്കുന്നതാണ്. വൈദ്യുതി, വെള്ളം, റോഡ്, എഫ്ളുവെന്റ് ട്രീറ്റ്മെന്റ് പ്ലാന്റ്, വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്, കോക്കനട്ട് ഇൻക്യുബേഷൻ സെന്റർ, ക്വാളിറ്റി കൺട്രോൾ ലാബ്, ആർ & ഡി ഫസിലിറ്റി, ലോജിസ്റ്റിക് ഹബ്, എന്നിവ പാർക്കിൽ സ്ഥാപിക്കുവാൻ കെ,എസ്.ഐ.ഡി.സി ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ